1

# സന്ദേശ വാഹകാ, നിങ്ങളുടെ സന്ദേശം അറിയുക!

## ജെ. എൽ. മേ

ദൈവ സന്ദേശത്തെ നിർമ്മലമായി അറിയിക്കുന്നതിൽ ഒരു ഉപദേഷ്ടാവിനുള്ള പ്രാധാന്യത്തെ കണക്കാക്കുവാൻ പൗലൊസ് തിമൊഥെയൊസിനെ, ആകർഷണീയ ഭാഷയിൽ അറിയിച്ചു. മാന്യമായ ഉപയോഗത്തിനുള്ള പാത്രങ്ങളോടു താരതമ്യപ്പെടുത്തിയാണ് ഉപദേഷ്ടാവിന്റെ പങ്കിനെ അവൻ വിവരിച്ചത്. ഒരു ഉപദേഷ്ടാവു തന്നെത്തന്നെ നിർമ്മലനായി സൂക്ഷിച്ചാൽ, അവനെ ഏതൊരു സൽപ്രവൃത്തിക്കും കൊള്ളാവുന്നവനായി, ഒരു ഉപകരണമെന്നപോലെ ദൈവം ഉപയോഗിക്കും (2 തിമൊഥെയൊസ് 2:20, 21). സന്ദേശത്തിന്റെ ഉടമസ്ഥനെയും ഉറവിടത്തെയും അറിയാതെ ആർക്കും സുവിശേഷത്തിന്റെ ശുദ്ധസന്ദേശവാഹകനാകുവാൻ സാധ്യമല്ല. ഉറവിടമില്ലാതിരുന്നാൽ, സന്ദേശം വികൃതമാകും. അതു വാസ്തവമാണ് കാരണം ഉറവിട*മാണ്* സന്ദേശം. സന്ദേശം തെറ്റിദ്ധരിച്ചാൽ ദൈവത്തെയും ദൈവത്തിന്റെ ഉദ്ദേശത്തെയും പലപ്പോഴും തെറ്റിദ്ധരിപ്പിക്കും. സന്ദേശവാഹകൻ ദൈവത്തിന്റെ സന്ദേശം അറിയുവാൻ അവൻ ദൈവത്തെ അറിയേണ്ടതുണ്ട്.

നവോന്മേഷം പകരുന്ന, വലിയ ഒരു അരുവിക്കടുത്ത് നിങ്ങൾ എത്തിയിരിക്കുന്നു എന്നു വിചാരിക്കുക. എവിടെ നിന്നാണ് ഈ ശുദ്ധമായ, നല്ല വെള്ളം വരുന്നത് എന്നു നിങ്ങൾ അതിശയിച്ചുപോകും. അത് ഒഴുകി വരുന്നതു എവിടെ നിന്നാണെന്ന് അറിയുവാൻ നിങ്ങൾ മലമുകളിലേക്കു നടക്കുമ്പോൾ അവിടെ - ഒരു ഉറവു കണ്ടെത്തുന്നു. ഉറവ ആരംഭിക്കുന്നതിനു ചുറ്റും, ആ ഉറവു വെള്ളത്താൽ കഴുകപ്പെടുന്ന, ശുദ്ധമായ വൃത്തിയുള്ള ഒരു പാറ കാണാം. അതിനുമപ്പുറത്തേക്കു നോക്കിയാൽ, ഉറപ്പുള്ള പാറയും, ശുദ്ധമായ ഒരു ജലാശയവും കാണാം. നിങ്ങൾ ആ മലയിൽ നിന്നു വെള്ളം ഒഴുകുന്ന വഴിയായി നടന്നാൽ വെള്ളത്തിന്റെ ഉറവിൽ നിന്നകലുന്തോറും, ശുദ്ധി കുറഞ്ഞു വരുന്നതായി കാണാം. ആ അരുവി നാട്ടിൻപുറത്തു കൂടെ ഒഴുകുമ്പോൾ, അതിൽ മണ്ണിൽ നിന്നുള്ള അഴുക്കും എക്കലും കലരുന്നതായി കാണാം. അതു മലയുടെ താഴെയുള്ള വലിയ അരുവിയിലേക്കു എത്തുമ്പോഴേക്ക്, ചെളി നിറഞ്ഞതായി തീരുന്നു. ഉറവയുടെ മുഖത്തു നിന്നു

ആരംഭിച്ചു ഒഴുകി തുടങ്ങിയ കൈത്തോടു പോലെ അല്ല, ഇപ്പോൾ അരുവിയുടെ അടിത്തട്ടിലെ കൈതോട്. ഉറവയുടെ മുഖത്തു നിന്നാരംഭിച്ച അതേ ജലം തന്നെയാണ്, ഇപ്പോഴും ഒഴുകി കൊണ്ടിരിക്കുന്നത്. ഉറവിൽ നിന്നകന്നപ്പോൾ, ആ അടിത്തട്ടിന്റെ സ്വഭാവം മറ്റൊന്നായി മാറി.

അതുപോലെ, സന്ദേശവാഹകനു എത്രത്തോളം ദൈവവചനത്തിന്റെ ഉറവിടത്തോട് – അതായതു, ദൈവത്തോട് അടുക്കാമോ – അയാൾ കൂടുതലും ദൈവത്തെ പോലെ ആകും, അങ്ങനെ, ശുദ്ധമായ സന്ദേശവാഹകനായി തീരും. തന്റെ സന്ദേശം എത്തിക്കുവാൻ ദൈവം ഉപയോഗിക്കുന്ന ഒരു പാത്രം മാത്രമാണ്, ദൈവ വചന പ്രാസംഗികൻ അഥവാ ഉപദേഷ്ടാവു. മാർഗ്ഗം ശ്രദ്ധിക്കപ്പെടാതിരുന്നേക്കാം, പക്ഷെ സന്ദേശം കേൾക്കണം. സന്ദേശത്തിന്റെ ഉറവിടത്തിലേക്കു നാം അടുക്കുന്തോറും, നമ്മെ ഉയർത്തുവാനുള്ള ആഗ്രഹം കുറയുകയും സന്ദേശത്തെ ഉയർത്തുവാനുള്ള ആഗ്രഹം കൂടുകയും ചെയ്യും.

നമുക്ക് എങ്ങനെ ഉറവിടത്തോട് അടുക്കുവാനും അവിടെത്തന്നെ കഴിയുവാനും സാധിക്കും? ആദ്യമായി, ബൈബിൾ പഠനത്തിലൂടെ നമുക്കു നമ്മുടെ സന്ദേശത്തിന്റെ ഉറവിടത്തിലേക്ക് എത്തുവാൻ കഴിയും. ബൈബിൾ സന്ദേശം നമുക്ക് ഫലപ്രദമായി ആശയവിനിമയം ചെയ്യുവാൻ കഴിയണമെങ്കിൽ, ബൈബിൾ മനുഷ്യർക്കുള്ള ദൈവിക വെളിപ്പാടായി നാം സ്വീകരിക്കണം. പിന്നെ, ബൈബിൾ മാത്രമാണ്, ദൈവത്തിൽ നിന്നു എഴുതപ്പെട്ട ആശയ വിനിമയം. പ്രകൃതിയിലൂടെ, ഒരു നല്ല ജീവിതത്തിലൂടെ അല്ലെങ്കിൽ അദൃശ്യമായ വഴികളിലൂടെ ദൈവം തന്നെ വെളിപ്പെടുത്തിയേക്കാം, പക്ഷെ ദൈവത്തിൽ നിന്നു എഴുതപ്പെട്ടതു ബൈബിൾ മാത്രമാണ് (1 കൊരിന്ത്യർ 2:9, 10; 2 തിമൊഥെയൊസ് 3:16, 17; 2 പത്രൊസ് 1:20, 21). ദൈവസന്ദേശം ലഭിക്കുവാൻ എളുപ്പ വഴി ഒന്നുമില്ല. അത്ഭുത പ്രവചനത്താൽ നമുക്ക് സന്ദേശം ലഭിക്കുകയില്ല. അതു നീണ്ട മണിക്കൂറുകൾ എടുത്ത് വചനം പഠിക്കയും വീണ്ടും പഠിക്കുകയും ചെയ്യുന്നതിലൂടെ മാത്രമെ ലഭിക്കുകയുള്ളൂ.

ബൈബിൾ നമ്മോടു സംസാരിക്കുവാൻ നാം അനുവദിക്കണം. നാം ബൈബിൾ വായിക്കുക മാത്രമല്ല, ബൈബിൾ നമ്മെ വായിക്കുവാനും നാം അനുവദിക്കണം. ബൈബിൾ നമ്മോടു സംസാരിക്കുവാൻ നാം അനുവദിക്കാതെ നമുക്ക് ആരോടും ബൈബിൾ സംസാരിക്കുവാൻ കഴിയുകയില്ല: “വിശ്വാസം കേൾവിയാലും കേൾവി ക്രിസ്തുവിന്റെ വചനത്താലും വരുന്നു” (റോമർ 10:17). ഒരു ലഘുലേഖ എടുത്തോ ഒരു മാസികയിലെ ലേഖനം എടുത്തോ, വായിച്ചിട്ട്, അതു പ്രസംഗിക്കുന്നതു വളരെ എളുപ്പമാണ്; എന്നാൽ ആ സന്ദേശം സത്യമാകാം അല്ലെങ്കിൽ അല്ലാതിരിക്കാം. ആ ലഘുലേഖയോ അല്ലെങ്കിൽ ലേഖനമോ ദൈവവചനവുമായി ഒത്തു നോക്കിയില്ലെങ്കിൽ, അത് എഴുതിയത് ആരായാലും, ആ സന്ദേശം നമ്മെയോ നമ്മുടെ പ്രസംഗം കേൾക്കുന്നവരെയോ ഉറവിടത്തിൽ എത്തിക്കുകയില്ല. പത്രത്തിലുള്ള നല്ല ലഘുലേഖയോ ലേഖനമോ ഉപയോഗമുള്ളതാണ്. അവ നമ്മുടെ അറിവു വർദ്ധിപ്പിക്കയും ആ സത്യം നമ്മെ സഹായിക്കുന്ന വിധത്തിൽ ഉപയോഗിക്കുകയും ചെയ്യാം. എങ്ങനെയായാലും, അവ ബൈബിൾ പഠിക്കുന്നതിനു പകരം ആകുന്നില്ല. ബൈബിൾ വായിക്കുവാൻ സമയം കിട്ടാത്ത വിധം ബൈബിളിനെ കുറിച്ചുള്ള പുസ്തകങ്ങൾ നമുക്കു വായിക്കാം. ശരി

യായ തയ്യാറെടുപ്പു കൂടാതെ ആളുകളെ ആകർഷിക്കുവാൻ നമുക്ക് എന്ത് അവകാശമാണുള്ളത്? നാം അവതരിപ്പിക്കുന്ന സന്ദേശം ദൈവവചനത്തോടു സത്യസന്ധത പുലർത്തുന്നതായിരിക്കുവാൻ ശ്രദ്ധിക്കണം. നമ്മുടെ ഉപദേശത്തിനു നാം കണക്കു കൊടുക്കണം (യാക്കൊബ് 3:1). ഒരാൾ അയാൾക്കു ചിലതു പറയുവാനുള്ളതുകൊണ്ട് സംസാരിക്കുന്നതും എന്തെങ്കിലും പറയുവാൻ വേണ്ടി സംസാരിക്കുന്നതും തമ്മിൽ വളരെ അന്തരമുണ്ട്.

നാം നമ്മുടെ സന്ദേശം ആകേണ്ടതുമാണ്. അല്ലെങ്കിൽ, നമ്മുടെ സംസാരം അന്തരീക്ഷത്തിലേക്ക് അയയ്ക്കുന്ന ധാരാളം വാക്കുകളായി തീരും. നമ്മുടെ സന്ദേശം മറ്റുള്ളവർക്കു പ്രോത്സാഹിക്കപ്പെടണമെങ്കിൽ, അതു ആദ്യം നമുക്ക് പ്രോത്സാഹനമാകണം. നമ്മുടെ സന്ദേശം ഖണ്ഡിക്കുവാനുദ്ദേശിക്കുന്നതാണെങ്കിൽ, നാം അതു ആദ്യം ഖണ്ഡിച്ചിരിക്കണം. നമ്മുടെ സന്ദേശം ശാസിക്കുവാനുദ്ദേശിച്ചതാണെങ്കിൽ, നാം നമ്മെത്തന്നെ ആദ്യം ശാസിക്കണം. നമ്മുടെ ശ്രോതാക്കൾ പ്രാർത്ഥനക്കായി നില്ക്കണമെന്നതാണ് നാം ഉദ്ദേശിക്കുന്നതെങ്കിൽ, നാം ആദ്യം പ്രാർത്ഥനക്കായി നില്ക്കണം. മറ്റുള്ളവരുടെ ഹൃദയങ്ങളെ സ്പർശിക്കുവാനുള്ള സന്ദേശം ആണെങ്കിൽ അത് ആദ്യം നമ്മുടെ ഹൃദയങ്ങൾ സ്പർശിക്കപ്പെടണം. മറ്റുള്ളവരിലേക്കു നമ്മുടെ സന്ദേശം എത്തിക്കുന്നതിനു മുൻപു അതു നമ്മുടെ ഉള്ളിലേക്കു എത്തിക്കണം.

രണ്ടാമതു, പ്രാർത്ഥന മുഖാന്തരം നമ്മുടെ സന്ദേശത്തിന്റെ ഉറവിടത്തിലേക്ക് എത്തുവാൻ നമുക്കു കഴിയും. നമുക്ക് ദൈവത്തോടു പ്രാർത്ഥനയിലൂടെ ആശയവിനിമയം നടത്തുവാനുള്ള അവസരം നല്കിയിരിക്കയാണ്. “പ്രാർത്ഥന കാര്യങ്ങളെ മാറ്റുന്നു” എന്ന പ്രയോഗം, നിങ്ങൾ കേട്ടിരിക്കാം. അതു വാസ്തവമാണെങ്കിലും, പ്രാർത്ഥനകൊണ്ട് *കാര്യങ്ങളെ* മാറ്റുമെന്നതു *ആളുകളെ* മാറ്റുന്നതു പോലെ അത്ര പ്രാധാന്യമുള്ളതല്ല. പ്രാർത്ഥിക്കുന്നവരെയാണ് കൂടുതലും പ്രാർത്ഥന മാറ്റുന്നത്.

പ്രാർത്ഥന ദൈവത്തോടു സംസാരിക്കുന്നതാണ്. പ്രാർത്ഥന മുഖാന്തരം, നമ്മുടെ ആവശ്യങ്ങൾ നാം ദൈവത്തോടു അറിയിക്കുകയാണ് (ഫിലിപ്പിയർ 4:6). അതിന്റെ ഏറ്റവും നല്ല പ്രയോഗം “ദൈവവുമായുള്ള ആശയവിനിമയം” എന്നാണ്. നമുക്ക് എന്തെങ്കിലും ആവശ്യമുള്ളപ്പോൾ മാത്രമല്ല നമ്മുടെ ഭൗമിക പിതാവിനോട് നാം ബന്ധപ്പെടുന്നത്. പ്രാർത്ഥന നമ്മുടെ സ്വർഗ്ഗസ്ഥ പിതാവിനെ സന്ദർശിക്കലും, സംഭാഷണം നടത്തലുമാണ്. യേശു മലയിലേക്കു വാങ്ങി പ്രാർത്ഥിപ്പാൻ പോയപ്പോൾ, പിതാവിനെ സന്ദർശിക്കയായിരുന്നു. അവൻ ഭവനത്തിലെത്തുവാൻ എത്ര കാംക്ഷിച്ചിരുന്നു!

തീർച്ചയായും, നാം അവന്റെ വചനം എടുത്തു പ്രസംഗിക്കുവാൻ തയ്യാറെടുക്കുമ്പോൾ നമ്മുടെ ആവശ്യങ്ങൾ നിറവേറ്റുവാനുള്ള ശക്തിയും അറിവും നമ്മുടെ സ്വർഗ്ഗസ്ഥ പിതാവിനുണ്ടെന്ന തിരിച്ചറിവോടെയാണ് നാം പ്രാർത്ഥിക്കുന്നത്. നാം അവന്റെ ഇഷ്ടം ചെയ്യുവാൻ പ്രാപ്തരാകേണ്ടതിന് നമ്മുടെ ആവശ്യങ്ങൾ അവനെ അറിയിക്കുന്നതിനു പുറമെ, അവന്റെ സാന്നിധ്യത്താൽ അവനിൽ നിന്നുള്ള ശക്തി നമുക്ക് ആവശ്യമാണ്. പ്രാർത്ഥന നമ്മെ ദൈവസാന്നിധ്യത്തിലേക്കു എത്തിക്കുന്നു.

**ഉപസംഹാരം**

സന്ദേശം അറിയുക എന്നു പറയുന്നത് യോഗ്യമായ സന്ദേശങ്ങൾ

ആരിൽ നിന്നു വന്നോ അവനെ അറിയുക എന്നതാണ്. സന്ദേശം നല്കിയ വ്യക്തിയെ കൂടാതെ ആണെങ്കിൽ, അതു ആത്മാവില്ലാത്ത ശരിയായ അധികാരമില്ലാത്ത പൊള്ളയായ ശബ്ദമായി തോന്നും. എല്ലാ ബൈബിൾ സന്ദേശങ്ങളുടേയും അധികാരം ദൈവമാണ് എന്ന പ്രധാനകാര്യം നാം ഓർക്കണം. നമ്മിൽ ഒരധികാരവുമില്ല. ദൈവം തന്റെ സന്ദേശത്തിൽ നല്കിയ അധികാരത്തിലായിരിക്കണം നമ്മുടെ സന്ദേശം ഒഴുകേണ്ടത്. സന്ദേശം അവന്റേതാണ്. നാം അവന്റെ സന്ദേശം ഒഴുകുന്ന കൈത്തോടു മാത്രമാണ്. നാം ഉറവിടത്തിനടുത്താണെങ്കിൽ, നമ്മുടെ സന്ദേശം അവന്റെ അധികാരത്തിന്റെ ശക്തിയാൽ  സത്യസന്ധമായിരിക്കും.